# പുതുവെട്ടം

അറിവും വീക്ഷണവും

## ആവേശോജ്ജ്വലമായി ആദ്യ ദിനം



**ഈശ്വരമംഗലം :** രണ്ട് വർഷത്തെ കോവിഡ് ഭീഷണിക്കും അടച്ചുപൂട്ടലുകൾക്കും വിരാമമിട്ടു കൊണ്ട് ഈശ്വരമംഗലം ശ്രീരാമജയം എ.എൽ.പി സ്കൂൾ വിദ്യാർത്ഥികൾ തിരികെ വിദ്യാലയത്തിലേക്ക് എത്തി തുടങ്ങി. വാദ്യാരവത്തോടു കൂടിയ സ്വീകരണം കുട്ടികളിൽ ആവേശാരവങ്ങൾ സൃഷ്ടിക്കുകയും ഭയാശങ്കകൾ അകറ്റുകയും ചെയ്തു.

## കേലുമാഷും കുട്ട്യോളും



മാതൃഭാഷയുടെ സ്നേഹവും ആഴവും അറിയാനുംപങ്കിടാനും അനുഭവിക്കാനും കുട്ടികൾക്കും രക്ഷിതാക്കൾക്കും അവസരങ്ങൾ ഒരുക്കുന്നത് ലക്ഷ്യമിട്ട് മാമ്പഴ മലയാളം എന്ന പരിപാടി കേരള പിറവി ദിനത്തിൽ വിദ്യാലയത്തിൽ നടപ്പിലാക്കി. പ്രവേശനോൽസവത്തിൽ നടന്നമലയാള മേളം പരിപാടി പ്രമുഖ നാടക–സാംസ്കാരിക പ്രവർത്തകൻ എ.പി കേലു മാസ്റ്റർ ഉദ്ഘാടനം ചെയതു.കഥയും കവിതയും പഴമകളും പാടിയും പറഞ്ഞും കുട്ടികൾ നന്നായി ആസ്വദിച്ചു.മാതൃ ഭാഷ ജീവനംജീവിതവുംചിന്തയും സംസ്കാരവും എല്ലാമാണെന്നും മലയാളത്തെഉൾ ക്കൊള്ളണമെന്നുള്ള ചിന്ത കുട്ടികളിൽ വളർത്തി .

## ജാഗ്രത കൈവിടാതെ......



